I/121556/2023

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ**
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ-മെയിൽ : jdlsgdtcr@gmail.com

നമ്പർ: LSGD/JD/TSR/729/2023-E2 (B8) തിയതി: 10-11-2023

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ശ്രീ. അബ്ദുൾ മനാഫ്
ചൂണ്ടപ്പറമ്പിൽ വീട്
പുന്നയൂർക്കുളം പി. ഒ
തൃശ്ശൂർ-679561

സർ,

വിഷയം: ശ്രീ.അബ്ദുൾ മനാഫ് മുതൽ പേർ, ചൂണ്ടപ്പറമ്പിൽ വീട്, പുന്നയൂർക്കുളം പി , തൃശ്ശൂർ എന്നവരുടെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഒക്യുപൻസി അനുവദിക്കാത്തത് സംബന്ധിച്ച്.

സൂചന: 1. സിറ്റിസൺ അസിസ്റ്റൻസ് പരാതി പരിഹാര പോർട്ടൽ മുഖേന ലഭിച്ച താങ്കളുടെ പരാതി.
2. സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാ തല സമിതിയുടെ 01.11.2023 തീയതിയിലെ സമിതി തീരുമാനം.

**മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.**

സൂചന (1) പ്രകാരം ലഭിച്ച താങ്കളുടെ പരാതിയും, പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ പ്രസ്തുത ഫയലും സമിതി പരിശോധിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ ചെമ്പുക്കാവ് വില്ലേജ് സർവ്വേ നമ്പർ 726/6, 726/7, 726/8 എന്നിവയിൽ ഉൾ പ്പെട്ട 3 0 9 മീറ്റർ സ്ക്വയർ സ്ഥലത്ത് A 2 ഒക്യുപൻസിയിൽ ഉൾപ്പെട്ട GF+FF+SF+TF എന്നീ നിലകളിലായി 7 0 3 . 5 0 മീറ്റർ സ്ക്വയർ വിസ്തൃതിയിൽ ഉള്ള കെട്ടിടത്തിന് 13. 04. 2012 തീയതി DW3/BA/202/10-11 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. ടി സ്ഥലം ഈസ്റ്റ് റിംഗ് റോഡ് (sanctioned) DTP Scheme ൽ റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നു. ഈ കെട്ടിട നിർമ്മാണം കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 പ്രകാരം ചട്ടം 3 4 പാർക്കിംഗ് പാലിക്കാത്തതിനാൽ അനുവദിച്ചിട്ടില്ലാത്തതാണ്. തുടർന്ന് കക്ഷി G.O. (11)/LSGD/TRIVANDRUM Dated 15.02.2018 പ്രകാരം ഗവൺമെന്റ് റെഗുലറൈസേഷന് അപേക്ഷ സമർപ്പിക്കുകയും സ്ഥല പരിശോധന നടത്തി റിപ്പോർ ട്ട് D T P ലേക്ക് അയക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കക്ഷി ടി കെട്ടിടത്തിൽ തുടർനിർമാണങ്ങൾ നടത്തുകയും പുതിയ പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1 9 9 9 വിധേയമായി പരിശോധിച്ചതിൽ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1 9 9 9 ചട്ടം 2 6 , ചട്ട 3 4 എന്നിവ പാലിച്ചിട്ടില്ലാത്തതും ആയത് ഉൾപ്പെടെ ക്രമവൽക്കരിക്കുന്നതിന് DTP ലേക്ക് റിപ്പോർട്ട് അയക്കുകയും ചെയ്തിട്ടുള്ളതാണ്. ഈസ്റ്റ് റിംഗ് റോഡ് ഡിടിപി സ്കീമിൽ റസിഡൻഷ്യൽ സോണിൽ ഉൾപ്പെട്ട ടി സ്ഥലത്ത് A 2 ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾ അനുവദനീയമാണ്. ടി സ്ഥലം ഈസ്റ്റ് റിംഗ് റോഡ് ഡിടിപി സ്കീമിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ A2 റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കാൻ CTP കൺകറൻസ് ആവശ്യമാണ്. നിലവിൽ പൂർത്തീകരിച്ച കെട്ടിടത്തിന് കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 പ്രകാരം ചട്ടം 26, 3 4 ലംഘനങ്ങൾ ഉള്ളതിനാൽ G.O.(P) 11/18/LSGD/ Dated 15.02.2018 ഉത്തരവുപ്രകാരം



Generated from eOffice by TREESON THOMAS P, B8 JDTSR- LSGD, B8 JDTSR LSGD, JDTSR LSGD on 10/11/2023 01:53 PM

I/121556/2023

ക്രമവൽക്കരിക്കുന്നതിന് ഡിടിപി യിലേക്ക് അയച്ചിട്ടുള്ളതാണ്. എന്നാൽ C T P കൺകറൻസ് ഇല്ലാത്തതിനാൽ അപേക്ഷ റിപ്പീറ്റ് ചെയ്തിട്ടുള്ളതും C T P കൺകറൻസ് ലഭിക്കുന്നതിന് അപേക്ഷ നൽകുകയും തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിങ് 09.03.2022 തീയതിയിലെ TCP CTP 220/2022 നമ്പർ ഉത്തരവ് പ്രകാരം കൺകറൻസ് ലഭ്യമായിട്ടുള്ളതുമാണ്. ടി കൺകറൻസ് സഹിതം റെഗുലറൈസേഷൻ അപേക്ഷ ഡിടിപി യിലേക്ക് അയച്ചിട്ടുള്ളതാണ്. ഡിടിപിയിൽ നിന്നും അറിയിച്ചിരുന്ന ന്യൂനതകൾ പരിഹരിച്ചുകൊണ്ട് കക്ഷി പ്ലാൻ പുന:സമർപ്പിക്കുകയും ചെയ്തു. 05.09.2023 തീയതിയിൽ ഡിടിപി യിലേക്ക് ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള പ്ലാനും റിപ്പോർട്ടും സമർപ്പിച്ചിരുന്നതായി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം ഉണ്ടാകേണ്ടിയിരുന്ന രണ്ട് സെറ്റ് പ്ലാനുകൾ, ടാക്സ് റസീപ്റ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, വാലിഡ് ലൈസൻസി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിരുന്നില്ല എന്നും ആയതും കൂടി ഹാജരാക്കണമെന്ന് കക്ഷിയോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ രേഖകൾ സമർപ്പിച്ചിട്ടില്ല എന്നും ടൗൺ പ്ലാനർ സമിതിയിൽ അറിയിച്ചു. മേൽ പരാമർശിച്ച രേഖകൾ കോർപ്പറേഷൻ സെക്രട്ടറി മുഖേന കക്ഷി ഹാജരാക്കുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കുന്നതാണെന്ന് ടൗൺ പ്ലാനർ അറിയിച്ചു.

മേൽ സാഹചര്യത്തിൽ ജില്ലാ ടൗൺ പ്ലാനർ അറിയിച്ച ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് G.O.(P) 11/18/LSGD/Dated 15.02.2018 പ്രകാരം ജില്ലാ സമിതി അപേക്ഷ പരിഗണിക്കുന്നതാണെന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ

VIDHU A MENON
ASSISTANT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ



Generated from eOffice by TREESON THOMAS P, B8 JDTSR- LSGD, B8 JDTSR LSGD, JDTSR LSGD on 10/11/2023 01:53 PM